©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിഇരുപത്തിനാലാമത് റിപ്പോർട്ട്

**(18-1-2021-ന് സഭയിൽ സമർപ്പിച്ചത്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിഇരുപത്തിനാലാമത് റിപ്പോർട്ട്

**ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനെ സംബന്ധിച്ചത്**
**(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ**
**2017 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ**
**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച**
**റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)**

290/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം - 1 | | |
| സമിതിയുടെ നിഗമനങ്ങളും ശിപാർശകളും | : | 6 |
| അനുബന്ധം -2 | | |
| ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 8 |

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. ദിവാകരൻ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർ ഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി  രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2017 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8-മേൽ തയ്യാറാക്കിയ 124-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 19-6-2018-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)ന്റെ 1-10-2019-ൽ കൂടിയ സമിതി യോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-2021)-ന്റെ 11-1-2021-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിന് ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ വ്യവസായ വകുപ്പിലെയും കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിലെയും ഉദ്യോഗസ്ഥർക്കും സമിതി നന്ദി അറിയിക്കുന്നു.

സി. ദിവാകരൻ,
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 11.

# റിപ്പോർട്ട്

## ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനെ സംബന്ധിച്ചത്

**ഒഴിവാക്കാമായിരുന്ന ചെലവ് - ഓഡിറ്റ് ഖണ്ഡിക 4.8 (2016-2017)**

**ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിലുള്ള കാലതാമസവും മുൻകൂർ നികുതി അടയ്ക്കാതിരുന്നതും ₹ 3.26 കോടിയുടെ ഒഴിവാക്കാമായിരുന്ന പലിശ ബാദ്ധ്യതയിൽ കലാശിച്ചു.**

1961-ലെ ആദായനികുതി നിയമത്തിലെ (നിയമം) വകുപ്പ് 28 അനുസരിച്ച് കമ്പനികൾ നടത്തുന്ന ഏതെങ്കിലും ബിസിനസ്സിൽ നിന്നോ അല്ലെങ്കിൽ പ്രൊഫഷനിൽ നിന്നോ ലഭിക്കുന്ന ലാഭം/നേട്ടം ആദായനികുതിക്ക് വിധേയമാണ്. അടയ്ക്കാനുള്ള നികുതി ₹ 10,000-ത്തിൽ കൂടുകയാണെങ്കിൽ, മേൽപടി നിയമത്തിലെ വകുപ്പ് 208 അനുസരിച്ച് അത്തരം കമ്പനികൾ പ്രസ്തുത സാമ്പത്തികവർഷത്തിൽ മുൻകൂർ നികുതി അടയ്ക്കേണ്ടതാണ്. മാർച്ച് മാസമാകുമ്പോഴേക്കും നികുതിയുടെ 90 ശതമാനമെങ്കിലും മുൻകൂറായി അടയ്ക്കുന്നതിലുള്ള പരാജയം ഒരു മാസത്തേയ്ക്ക്/മാസത്തിന്റെ ഒരു ഭാഗത്തിന് ഒരു ശതമാനം എന്ന നിരക്കിൽ പലിശ നൽകലിന് ഇടവരുത്തും (നിയമത്തിലെ 234 ബി വകുപ്പ്). കമ്പനികൾ അതാത് സാമ്പത്തിക വർഷത്തിൽ ജൂണിനും മാർച്ചിനും ഇടയിൽ നാല് തവണകളായി മുൻകൂർ നികുതി അടയ്ക്കേണ്ടതാണ് (വകുപ്പ് 211). ഏതെങ്കിലും തവണകൾ അടച്ചില്ലെങ്കിലോ കുറച്ച് അടച്ചാലോ ടി നിയമത്തിലെ വകുപ്പ് 234 സി പ്രകാരം അടയ്ക്കാൻ ബാക്കിയുള്ളതിന്റെ മേലെ പലിശ ചുമത്തപ്പെടുന്നതാണ്.

മുൻകൂർ നികുതി അടയ്ക്കുന്നത് കൂടാതെ, കമ്പനികൾ നിശ്ചിത തീയതിക്കോ അതിന് മുമ്പോ അതായത് പ്രസ്തുത കണക്കാക്കൽ വർഷത്തിലെ സെപ്റ്റംബർ 30-നോ അതിന് മുമ്പോ നിർദ്ദിഷ്ട ഫോമിൽ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കോ അതിന് മുമ്പോ നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് വീഴ്ച വരുന്നപക്ഷം നികുതിയടയ്ക്കേണ്ട തുകയുടെ മേലെ ഒരു മാസത്തിന് അല്ലെങ്കിൽ മാസത്തിന്റെ ഒരു ഭാഗത്തിന് ഒരു ശതമാനം എന്ന നിരക്കിൽ കാലതാമസത്തിന് പലിശ ചുമത്തപ്പെടുന്നതാണ് (വകുപ്പ് 234 എ).

മരത്തിന്റെ ഫർണിച്ചറുകൾ/തച്ചുവേലകൾ നിർമ്മിക്കുന്നതിലും പൊതുമരാമത്ത് നിർമ്മാണപ്രവർത്തനങ്ങളിലും ഏർപ്പെട്ടുവരുന്ന ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് (കമ്പനി) 2007-08 മുതൽ 2013-14 വരെയുള്ള കണക്കാക്കൽ വർഷങ്ങളിൽ ₹ 35.76 ലക്ഷം മുതൽ ₹ 398.51 ലക്ഷം വരെ നികുതി വിധേയ ആദായം ഉണ്ടായിരുന്നു. ഈ വർഷങ്ങളിൽ കമ്പനിക്ക് ₹ 10,000-ത്തിന് മേലെ നികുതി ബാദ്ധ്യത ഉണ്ടായിട്ടുകൂടി കമ്പനി ഈ വർഷങ്ങളിൽ മുൻകൂർ നികുതി അടയ്ക്കുകയോ സമയബന്ധിതമായി നികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തില്ല. പരിണിതഫലമായി, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് കമ്പനിക്ക് മേൽ ₹ 3.26 കോടിയുടെ പിഴ പലിശ ചുമത്തി. അത് താഴെ പട്ടിക 4.13-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 4.13 പിഴപ്പലിശ ചുമത്തിയ വിവരങ്ങൾ കാണിക്കുന്ന പട്ടിക

(₹ലക്ഷത്തിൽ)

| കണക്കാക്കൽ വർഷം | നികുതി വിധേയ ആദായം | അടയ്ക്കാനുള്ള ആകെ നികുതി | അടയ്ക്കാനുള്ള മുൻകൂർ നികുതി[1] | അടച്ച മുൻകൂർ നികുതി | റിട്ടേൺ സമർപ്പിച്ച തീയതി | ചുമത്തിയ പിഴ പലിശ |
|---|---|---|---|---|---|---|
| 2007-08 | 88.48 | 29.78 | 26.80 | 0 | 4-12-2014 | 58.60 |
| 2008-09 | 62.39 | 19.27 | 16.84 | 0 | 5-12-2014 | 31.98 |
| 2009-10 | 53.10 | 16.40 | 14.36 | 0 | 5-12-2014 | 22.74 |
| 2010-11 | 35.76 | 11.05 | 6.23 | 0 | 29-1-2015 | 7.75 |
| 2011-12 | 39.86 | 12.31 | 10.75 | 0 | 29-1-2015 | 10.82 |
| 2012-13 | 265.64 | 86.18 | 76.63 | 0 | 27-9-2016 | 93.79 |
| 2013-14 | 398.51 | 129.30 | 107.27 | 0 | 5-10-2016 | 100.29 |
| ആകെ | 943.74 | 304.29 | 258.88 | 0 | | 325.97 |

(സ്രോതസ്സ് : കമ്പനിയിൽ നിന്നും സമാഹരിച്ച വിവരങ്ങൾ)

2007-08 മുതൽ 2013-14 വരെയുള്ള കണക്കാക്കൽ വർഷങ്ങളിലെ മൊത്തം നികുതി ബാദ്ധ്യതയും പലിശ ബാദ്ധ്യതയുമായ ₹ 630.26 ലക്ഷത്തിൽ (അടയ്ക്കാനുള്ള നികുതിയായ ₹ 304.29 ലക്ഷവും പലിശ ബാദ്ധ്യതയായ ₹ 325.97 ലക്ഷവും) കമ്പനി ഫെബ്രുവരി 2018 വരെ ₹ 356.12 ലക്ഷം അടച്ചു.

കമ്പനിയുടെ കണക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു (മേയ് 2017).-കമ്പനിയുടെ വാർഷിക കണക്കുകൾ 2012-13 വരെയുള്ളതു മാത്രമേ (2015 ഡിസംബർ വരെ) പൂർത്തീകരിച്ചിട്ടുള്ളു. 2006-07 മുതൽ 2012-13 വരെയുള്ള വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നതിൽ 11 മാസം മുതൽ 34 മാസം വരെ കാലതാമസം ഉണ്ടായിരുന്നു. 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പുകളുടെ പാലനം നിരീക്ഷിക്കുവാൻ ഫലപ്രദമായ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിയമപ്രകാരമുള്ള ഒടുക്കലുകൾക്ക് മതിയായ ധനവിഭവങ്ങൾ കമ്പനിക്ക് ഉണ്ടോയെന്ന് കണക്കാക്കാൻ വേണ്ട ധനബജറ്റ് കമ്പനി തയ്യാറാക്കിയില്ല. റിട്ടേൺ സമർപ്പിക്കുന്നതിൽ വന്ന കാലതാമസവും മുൻകൂർ നികുതി അടയ്ക്കാത്തതും ₹ 3.26 കോടിയുടെ ഒഴിവാക്കാമായിരുന്ന പലിശ ബാദ്ധ്യതയ്ക്ക് ഇടവരുത്തി.

1 90 ശതമാനം* (അടയ്ക്കാനുള്ള നികുതി-സ്രോതസ്സിൽ നിന്നും കിഴിച്ച നികുതി)

കമ്പനിയുടെ ധനസ്ഥിതി അനുകൂലമല്ലാതിരുന്നതിനാലും മുകളിൽപ്പറഞ്ഞ കാലയളവിൽ കമ്പനി ഓവർഡ്രാഫ്റ്റ് സൗകര്യത്തെ ആശ്രയിച്ചിരുന്നതിനാലും ആണ് മുൻകൂർ നികുതി അടയ്ക്കാതിരുന്നത് എന്ന് കേരള സർക്കാർ മറുപടി പറഞ്ഞു (ഫെബ്രുവരി 2018). സർക്കാർ വകുപ്പുകൾക്കുവേണ്ടി കമ്പനി മരാമത്ത് ജോലികൾ ചെയ്യുന്നതിനാൽ അന്തിമവർക്ക് ഓർഡറുകൾ/ബില്ലുകൾ കിട്ടാൻ കാലതാമസം ഉണ്ടായിരുന്നു എന്നും കണക്കുകൾ പൂർത്തീകരിക്കാത്തതിനെ സംബന്ധിച്ച് മറുപടി പറഞ്ഞു. ഉപകരാറുകാർ സമർപ്പിക്കുന്ന ഇൻവോയ്സുകളും സർക്കാരിലേക്കുള്ള അന്തിമ ബില്ലുകളും പൂർത്തീകരിക്കുന്നത്, മെഷർമെന്റ് ബുക്കുകൾ പൂർത്തീകരിച്ചതിനും അവയ്ക്ക് ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം ലഭ്യമായതിനും ശേഷമുള്ള ഘട്ടത്തിലാണ്. അതിനാൽ, കമ്പനിക്ക് സമയബന്ധിതമായി കണക്കുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നും മറുപടി പറഞ്ഞു. ടാക്സ് ഓഡിറ്റും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും വെവ്വേറെ സ്ഥാപനങ്ങളാണ് ചെയ്യുന്നതെന്നും ടാക്സ് ഓഡിറ്റർമാർക്ക് ടാക്സ് ഓഡിറ്റ് ചെയ്യണമെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാകേണ്ടതുണ്ടെന്നും കമ്പനി മറുപടി പറഞ്ഞു.

മുൻകൂർ നികുതി അടവ് എന്നത് നിയമപരമായ ആവശ്യമായതുകൊണ്ട് മറുപടി സ്വീകാര്യമല്ല. മുൻകൂർ നികുതി മാർച്ചിന് മുൻപ് 90 ശതമാനം മാത്രം അടച്ചാൽ മതിയെന്നുള്ളതുകൊണ്ട് ബില്ലുകളുടെ പൂർത്തീകരണത്തിൽ സർക്കാരിന്റെ കാലതാമസ ത്തോടനുബന്ധിച്ചുള്ള അനിശ്ചിതത്വം അഭിമുഖീകരിക്കാൻ 10 ശതമാനത്തിന്റെ ആനുകൂല്യം ഉണ്ട്. കൂടാതെ, കണക്കുകൾ പൂർത്തീകരിക്കാത്തത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരണത്തിലെ കാലതാമസത്തിലേക്കും തത്ഫലമായി ടാക്സ് ഓഡിറ്റിന്റെ കാലതാമസത്തിലേക്കും നയിച്ചു. 2013-14 വരെയുള്ള വാർഷിക കണക്കുകൾ കമ്പനി പൂർത്തീകരിച്ചിട്ടുമില്ല (ഫെബ്രുവരി 2018).

അങ്ങനെ ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിലെ കാലതാമസവും 1961-ലെ ആദായനികുതി നിയമപ്രകാരമുള്ള മുൻകൂർ നികുതി അടയ്ക്കാത്തതും ഒഴിവാക്കാൻ പറ്റുമായിരുന്ന ₹ 3.26 കോടിയുടെ പലിശ ബാദ്ധ്യത വരുത്തിവെച്ചു. കൂടാതെ 2007-08 മുതൽ 2013-14 വരെയുള്ള കണക്കാക്കൽ വർഷങ്ങളിലെ നികുതി ബാദ്ധ്യതയായ ₹ 2.74 കോടി (അടയ്ക്കാൻ ഇനിയും ബാക്കിയുണ്ട്) കമ്പനി ഇനിയും ഒടുക്കിയിട്ടില്ല.

[സി & എ.ജി.-യുടെ 31 മാർച്ച്, 2017-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8]

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിക്കുറിപ്പുകൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

കമ്പനിയുടെ കണക്കുകൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2015-2016 സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റിംഗ് നടപടികൾ പൂർത്തിയാക്കിയതായും മുൻവർഷങ്ങളിലെ ആഡിറ്റർമാർ കൃത്യമായി ആഡിറ്റ് നടത്തിയിരുന്നില്ലെന്നും നിലവിൽ ഷെഡ്യൂൾ തയ്യാറാക്കി സമയബന്ധിതമായി കമ്പനിയുടെ ആഡിറ്റിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എം.ഡി. സമിതിയെ അറിയിച്ചു. ഓഡിറ്റ് കാലയളവിൽ കമ്പനിക്ക് സാമ്പത്തികപ്രശ്നങ്ങളുണ്ടായിരുന്നുവെന്നും, ഇക്കാരണത്താലാണ് മുൻകൂർ നികുതി അടയ്ക്കാതിരുന്നതെന്നും എം.ഡി. ബോധിപ്പിച്ചു.

കമ്പനിയുടെ കണക്കുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതമൂലം മുൻകൂർ നികുതി സമയബന്ധിതമായി അടയ്ക്കാൻ സാധിക്കാതെ വരികയും ആയത് കമ്പനിയുടെ മേൽ പിഴപ്പലിശയായി 3.26 കോടി രൂപ ചുമത്തപ്പെടുന്നതിന് കാരണമായെന്നും ചൂണ്ടിക്കാണിച്ച സമിതി, കമ്പനിയുടെ അക്കൗണ്ടിംഗ് വ്യവസ്ഥയിൽ പിഴവുകളുണ്ടെന്നും അവ പരിഹരിക്കാനുള്ള നടപടികൾ കമ്പനി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

പിഴപ്പലിശ ചുമത്തിയ വിവരങ്ങൾ കാണിക്കുന്ന പട്ടികയിൽ (പട്ടിക 4.13) പരാമർശിച്ചിരിക്കുന്ന കമ്പനിയുടെ നികുതിവിധേയ ആദായം സംബന്ധിച്ച കണക്കുകൾ തെറ്റാണെന്നും നികുതി റിട്ടേൺ സമർപ്പിക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയതുമൂലം ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ് ഒരു ഏകദേശ നികുതി കണക്കാക്കി കമ്പനിയുടെമേൽ ചുമത്തുകയായിരുന്നെന്നും ഇത്തരത്തിൽ കണക്കാക്കിയിരിക്കുന്ന നികുതിവിധേയ ആദായം യഥാർത്ഥമല്ലായെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കമ്പനിയുടെ കണക്കുകൾ കൃത്യമായി പരിശോധിക്കാൻ ഉദ്യോഗസ്ഥരില്ലാത്ത അവസ്ഥയാണ് കമ്പനിയിൽ നിലനിൽക്കുന്നതെന്നും, ചാർട്ടേർഡ് അക്കൗണ്ടന്റ് യോഗ്യതയുള്ളവരെ നിയമിക്കാൻ ഉദ്ദേശിച്ചിരുന്നുവെന്നും, എന്നാൽ ശമ്പളക്കുറവുമൂലം പ്രസ്തുത ജോലിക്ക് അപേക്ഷകരില്ലായിരുന്നെന്നും ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. 2016-17 മുതലുള്ള മൂന്ന് വർഷക്കാലയളവിലെ കണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറിയും സമിതിയെ അറിയിച്ചു.

**സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ**

1. കമ്പനി, 2007-08 മുതൽ 2013-14 വരെയുള്ള വർഷങ്ങളിൽ മുൻകൂർ നികുതി അടയ്ക്കുകയോ സമയബന്ധിതമായി ആദായനികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ കമ്പനിയുടെ വരവ് ചെലവ് കണക്കുകൾ പൂർത്തികരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. വാർഷിക കണക്കുകളുടെ പൂർത്തീകരണത്തിലെ കാലതാമസം കമ്പനിക്ക് ബാദ്ധ്യതയുണ്ടാക്കിത്തീർക്കു മെന്നതിനാൽ യഥാസമയം വാർഷികകണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, മുൻകൂർ നികുതി കൃത്യമായി അടയ്ക്കുന്നതിലും സമയബന്ധിതമായി ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിലും യാതൊരു വീഴ്ചയും ഭാവിയിൽ വരുത്തരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

2. അക്കൗണ്ടിംഗ് വ്യവസ്ഥകളിലെ പിഴവുകൾ കമ്പനിയുടെ വാർഷിക കണക്കുകളുടെ പൂർത്തീകരണത്തിലെ കാലതാമസത്തിന് കാരണമായതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കമ്പനിയുടെ അക്കൗണ്ടിംഗ് വ്യവസ്ഥ കുറ്റമറ്റതാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3. 2007-2008 മുതൽ 2013-2014 വരെയുള്ള കാലയളവിൽ കമ്പനിയുടെ വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നതിനുള്ള വിശദീകരണം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

4. കമ്പനിയുടെ 2016-17 മുതലുള്ള വാർഷിക കണക്കുകൾ അടിയന്തരമായി പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

5. നിയമ പ്രകാരമുള്ള മുൻകൂർ നികുതി അടവ്, ആദായനികുതി റിട്ടേൺ സമർപ്പണം എന്നിവയുടെ പൂർത്തീകരണം നിരീക്ഷിക്കുവാൻ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി, 1961-ലെ ആദായനികുതി നിയമ പ്രകാരമുള്ള മുൻകൂർ നികുതി അടവ്, റിട്ടേൺ സമർപ്പണം എന്നിവ യഥാസമയം നടത്തപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാൻ കമ്പനിയിൽ ഫലപ്രദമായ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഉണ്ടാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സി. ദിവാകരൻ,

*ചെയർമാൻ,*

*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2021 ജനുവരി 11.

<u>അനുബന്ധം 1</u>

## സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | വ്യവസായം | കമ്പനി, 2007-08 മുതൽ 2013-14 വരെയുള്ള വർഷങ്ങളിൽ മുൻകൂർ നികുതി അടയ്ക്കുകയോ സമയബന്ധിതമായി ആദായനികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ കമ്പനിയുടെ വരവ് ചെലവ് കണക്കുകൾ പൂർത്തികരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. വാർഷിക കണക്കുകളുടെ പൂർത്തീകരണത്തിലെ കാലതാമസം കമ്പനിക്ക് ബാദ്ധ്യതയുണ്ടാക്കിത്തീർക്കുമെന്നതിനാൽ യഥാസമയം വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, മുൻകൂർ നികുതി കൃത്യമായി അടയ്ക്കുന്നതിലും സമയബന്ധിതമായി ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിലും യാതൊരു വീഴ്ചയും ഭാവിയിൽ വരുത്തരുതെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | 2 | വ്യവസായം | അക്കൗണ്ടിംഗ് വ്യവസ്ഥകളിലെ പിഴവുകൾ കമ്പനിയുടെ വാർഷിക കണക്കുകളുടെ പൂർത്തീകരണത്തിലെ കാലതാമസത്തിന് കാരണമായതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കമ്പനിയുടെ അക്കൗണ്ടിംഗ് വ്യവസ്ഥ കുറ്റമറ്റതാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 3 | 3 | വ്യവസായം | 2007-2008 മുതൽ 2013-2014 വരെയുള്ള കാലയളവിൽ കമ്പനിയുടെ വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നതിനുള്ള വിശദീകരണം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | 4 | വ്യവസായം | കമ്പനിയുടെ 2016-17 മുതലുള്ള വാർഷിക കണക്കുകൾ അടിയന്തരമായി പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 5 | വ്യവസായം | നിയമ പ്രകാരമുള്ള മുൻകൂർ നികുതി അടവ്, ആദായനികുതി റിട്ടേൺ സമർപ്പണം എന്നിവയുടെ പൂർത്തീകരണം നിരീക്ഷിക്കുവാൻ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി, 1961-ലെ ആദായനികുതി നിയമ പ്രകാരമുള്ള മുൻകൂർ നികുതി അടവ്, റിട്ടേൺ സമർപ്പണം എന്നിവ യഥാസമയം നടത്തപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാൻ കമ്പനിയിൽ ഫലപ്രദമായ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഉണ്ടാക്കണമെന്ന് ശിപാർശ ചെയ്യുന്നു. |